©
കേരള സർക്കാർ
Government of Kerala
2025

Regn.No. KERBIL/2012/45073
dated 05-09-2012 with RNI
Reg No.KL/TV(N)/634/2021-2023

കേരള ഗസറ്റ്
KERALA GAZETTE
അസാധാരണം
EXTRAORDINARY

ആധികാരികമായി പ്രസിദ്ധപ്പെടുത്തുന്നത്
PUBLISHED BY AUTHORITY

വാല്യം 14
Vol. XIV

തിരുവനന്തപുരം,
വ്യാഴം
Thiruvananthapuram,
Thursday

2025 നവംബർ 06
06th November 2025
1201 തുലാം 20
20th Thulam 1201
1947 കാർത്തികം 15
15th Karthika 1947

നമ്പർ
No.
3942

1961 ലെ കേരള സർവ്വെയും അതിർത്തിയും സംബന്ധിച്ച ആക്ടിലെ 6(1) ാം വകുപ്പ് പ്രകാരമുള്ള പരസ്യം

Ref: KIN/KNR/05/2020/c

തീയ്യതി : 05.11.2025

കണ്ണൂർ ജില്ലയിലെ തലശ്ശേരി താലൂക്കിലെ കൂടാളി വില്ലേജിലെ മുട്ടന്നൂർ ദേശം, പട്ടാന്നൂർ വില്ലേജിലെ കോവൂർ, ചോല,പട്ടാന്നൂർ എന്നീ ദേശങ്ങളിൽ നിന്നായി കിൻഫ്ര പാർക്ക് സ്ഥാപിക്കുന്നതിനായി പൊന്നും വില നടപടിക്രമ പ്രകാരം സ്ഥലമെടുപ്പിന്റെ ഭാഗമായി ഇതോടൊപ്പമുള്ള പട്ടികയിലെ ഭൂമി സർവ്വെ നടത്തണമെന്ന് സർക്കാർ നിർദ്ദേശിച്ചിരിക്കുന്നതിനാൽ താഴെ ചേർക്കുന്ന വില്ലേജിൽ സർവ്വെ പ്രവർത്തനങ്ങൾ വേഗം തന്നെ ആരംഭിക്കുന്ന താണെന്നും സർവ്വെ നമ്പർ അതിർത്തി തിരിച്ച് സർവ്വെ ചെയ്യുന്നതാണെന്നും 1961 ലെ കേരള സർവ്വെയും അതിർത്തിയും സംബന്ധിച്ച ആക്ടിലെ 6(1) പ്രകാരം ഇതിനാൽ പരസ്യം ചെയ്യുന്നു.

താഴെ പറയുന്ന ഭൂമിയുടെ ഉള്ളിലോ അഥവാ അവയോട് ചേർന്നോ സ്ഥിതി ചെയ്യുന്ന രജിസ്റ്റർ ചെയ്ത ഭൂമിയിൽ നേരിട്ടോ ഏജന്റ് മുഖേനയോ സ്ഥലത്ത് ജോലി ചെയ്യുന്ന സർവ്വെയറുടെ അടുത്ത് ഹാജരാകുന്നതിനും അതിരുകൾ കാണിച്ചു കൊടുക്കുന്നതിനും അതോട് ബന്ധപ്പെട്ട വിവരങ്ങൾ നൽകുന്നതിനും വേണ്ടി അതത് സമയം ആവശ്യപ്പെടുമ്പോൾ ഹാജരാകുന്നതിനും വേണ്ടി ഇതിനാൽ ക്ഷണിച്ചു കൊള്ളുന്നു.

This is a digitally signed Gazette.
Authenticity may be verified through https://compose.kerala.gov.in/

പ്രസ്തുത ആക്ടിലെ 6 (2) വകുപ്പ് പ്രകാരം ഈ പരസ്യം താഴെ പറയുന്ന ഭൂമിയിൽ അവകാശ ബന്ധമുള്ള ഏതൊരാൾക്കും സാധുവായ നോട്ടീസ്സായി കണക്കാക്കപ്പെടുന്നതാണ്.

പ്രസ്തുത ആക്ടിലെ 6 (3) വകുപ്പ് പ്രകാരം രജിസ്റ്റർ ചെയ്ത എല്ലാ കൈവശക്കാരും ;

(എ) സർവ്വെ ചെയ്യുന്നതിന് വേണ്ടി നിർമ്മാർജ്ജനം ചെയ്യേണ്ട ആവശ്യം ഉണ്ടായേക്കാവുന്ന വല്ല മരങ്ങളോ, കുറ്റിക്കാടുകളോ, വേലികളോ നിൽക്കുന്ന വിളകളോ അഥവാ സാരവത്തായ തടസ്സങ്ങളോ 15 ദിവസത്തിനകം മുറിച്ച് കളയുയോ നീക്കം ചെയ്യുകയോ ചെയ്ത് അതിരുകളോ മറ്റ് ലൈനുകളോ വെടിപ്പാക്കണമെന്നും.

(ബി) കൊടിപിടിക്കുന്നവരെയും ചെയിൻമാൻമാരെയും നിയോഗിച്ച് അതാത് സമയം ആവശ്യമായേക്കാവുന്ന സമയത്തും കാലത്തേക്കും തൊഴിലാളികളെ ഏർപ്പെടുത്തണമെന്നും.

(സി) അനുയോജ്യമായ സർവ്വെ അടയാളങ്ങൾ നൽകണമെന്നും മറ്റു പ്രകാരത്തിൽ പ്രസ്തുത ആക്ടോ അതു പ്രകാരം ഉണ്ടാ ക്കിയിട്ടുള്ള ചട്ടങ്ങളോ അനുസരിച്ച് ആവശ്യപ്പെട്ടെക്കാവുന്ന സഹായങ്ങൾ സർവ്വെയർക്ക് നൽകണമെന്ന് ഇതിനാൽ ആവശ്യപ്പെടുന്നു.

മേൽ സൂചിപ്പിച്ച (എ) മുതൽ (സി) വരെയുള്ള ഖണ്ഡങ്ങൾ പ്രകാരമുള്ള ഈ അഭ്യർത്ഥനകൾ അനുസരിക്കുന്നതിൽ ആരെങ്കിലും വീഴ്ച വരുത്തുകയാണെങ്കിൽ ടി ജോലി കൂലി പണിക്കാരെ കൊണ്ട് ചെയ്യിക്കുന്നതും ആയതിന്റെ ചിലവ് ആക്ടിലും അത് പ്രകാരം ഉണ്ടാക്കിയിട്ടുള്ള ചട്ടങ്ങളിലും വ്യവസ്ഥ ചെയ്തിട്ടുള്ളത് പോലെ വീഴ്ച വരുത്തിയിട്ടുള്ളവരിൽ നിന്നും വസൂലാക്കുന്നതുമാണ്.

പട്ടിക

ജില്ല : കണ്ണൂർ **താലൂക്ക് : തലശ്ശേരി**

ക്രമനമ്പർ	വില്ലേജ്	ദേശം	സർവ്വെ നമ്പർ
1	കൂടാളി	മുട്ടന്നൂർ	1/1 A pt, 1/1 C pt , 2, 8 pt, 9, 12, 25/1
2	പട്ടാന്തൂർ	കൊവ്വൂർ	36 Pt , 37 Pt, 38 pt, 40 pt, 48 pt, 49 pt, 60 pt, 61, 63, 64 pt, 65 pt, 66, 67 pt, 68 pt, 69 pt , 70 pt , 71pt, 72 pt
3		ചോല	11 pt, 12 pt, 13 pt, 14, 15 pt, 22 pt
4		പട്ടാന്തൂർ	84 pt, 86 pt, 102 pt, 103 , 104 pt, 105 pt , 106 , 107, 108, 109, 110 pt, 114 pt, 115 pt, 116 pt , 124 pt, 127 , 128/ pt, 129 pt, 130 pt, 131 , 132, 134, 135 pt, 136 pt, 137 pt,

(ഒപ്പ്)

സ്പെഷ്യൽ തഹസിൽദാർ എൽ.എ
കിൻഫ്ര , മട്ടന്നൂർ, കണ്ണൂർ

PUBLISHED BY THE SUPERINTENDENT OF GOVERNMENT PRESSES
AT THE GOVERNMENT CENTRAL PRESS, THIRUVANANTHAPURAM, 2025.

This is a digitally signed Gazette.
Authenticity may be verified through https://compose.kerala.gov.in/

Digitally signed by VEERAN T
Date:2025.11.06 03:13:44 +05:30